**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 743** **09-06-2021 - ൽ മറുപടിയ്ക്ക്**

**സാംസ്കാരിക സമുച്ചയങ്ങളും തീയേറ്റർ ശൃംഖലകളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ . പി . അനിൽ കുമാർ** | | **Shri Saji Cherian (മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | കേരളത്തിന്റെ അതുല്യമായ സംസ്കാരം പ്രോത്സാഹിപ്പിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമായി എല്ലാ ഗ്രാമങ്ങളിലും ചെറു നഗരങ്ങളിലും സാംസ്കാരിക സമുച്ചയങ്ങളും തിയേറ്റർ ശൃംഖലകളും കലാ സാംസ്കാരിക ഗ്രാമീണ കേന്ദ്രങ്ങളും സ്ഥാപിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; | (എ) | നവോത്ഥാന സാംസ്കാരിക നായകരുടെ നാമധേയത്തിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കുമെന്ന് 2016-2017 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നത് പ്രകാരം, പദ്ധതി നടപ്പിലാക്കി വരുന്നു. കിഫ്ബി ധനസഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. പ്രസ്തുത സാംസ്കാരിക സമുച്ചയങ്ങളുടെ നിർമ്മാണത്തിന് ഓരോ ജില്ലയിലും 50 കോടി രൂപ വീതം മൊത്തം 700 കോടി രൂപയിൽ നിജപ്പെടുത്തി ഭരണാനുമതി പുറപ്പെടുവിക്കുയുമുണ്ടായി. പ്രസ്തുത സാംസ്കാരിക സമുച്ചയ നിർമ്മാണത്തിനായി ഓരോ ജില്ലയിലും 3.5 മുതൽ 5 ഏക്കർ വരെ ഭൂമിയാണ് ആവശ്യമായിട്ടുള്ളത്. ഇവയുടെ നിർമ്മാണ പ്രവർത്തനങ്ങളും ഭൂമി ഏറ്റെടുക്കുന്ന നടപടികളും വിവിധ ജില്ലകളിൽ വിവിധ ഘട്ടങ്ങളിലാണ്. കൊല്ലം, കാസർഗോഡ്, പാലക്കാട് എന്നീ ജില്ലകളിൽ സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിൽ കൊല്ലം, കാസർഗോഡ് ജില്ലകളിൽ സമുച്ചയത്തിന്റെ ഒന്നാം ഘട്ടം നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നടത്തുകയും ചെയ്തിട്ടുണ്ട്. മലപ്പുറം ജില്ലയിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സമുച്ചയത്തിന്റെ ഡി പി ആർ കിഫ്ബി അംഗീകരിച്ചിട്ടുണ്ട്. ടെണ്ടറിംഗ് നടപടികൾ പൂർത്തിയായി വരുന്നു. ആലപ്പുഴ, തൃശ്ശൂർ, കോട്ടയം, കണ്ണൂർ എന്നീ ജില്ലകളിൽ സമുച്ചയം നിർമ്മിക്കുന്നതിനുള്ള ഡി പി ആർ കിഫ്ബിയുടെ പരിഗണനയിലാണ്. ബാക്കി ജില്ലകളിൽ സമുച്ചയ നിർമ്മാണത്തിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. 2017-18 ബജറ്റ് പ്രസംഗത്തിൽ |

| | | | |
|---|---|---|---|
| | | | KIIFBയുടെ സാമ്പത്തിക സഹായത്തോടെ 100 കോടി രൂപ ചെലവിൽ കേരള സംസ്ഥാനമൊട്ടാകെ സിനിമാ തീയേറ്റർ സമുച്ചയങ്ങൾ നിർമ്മിക്കുന്ന പദ്ധതി നടപ്പിലാക്കുന്നതാണെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 100 കോടി രൂപയുടെ പദ്ധതിയ്ക്കുള്ള ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി കായംകുളം, അളഗപ്പനഗർ, പയ്യന്നൂർ എന്നിവിടങ്ങളിൽ തീയേറ്റർ നിർമ്മാണം പൂർത്തിയായി വരുന്നു. വൈക്കം, കാക്കനാട്, പായം, പേരാമ്പ്ര എന്നിവിടങ്ങളിലെ തീയേറ്റർ നിർമ്മാണത്തിനുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു. നെയ്യാറ്റിൻകരയിലെ തീയേറ്റർ നിർമ്മാണത്തിനായുള്ള ഡി പി ആർ കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഗ്രാമങ്ങളിലും ചെറു നഗരങ്ങളിലും കലാ സാംസ്കാരിക പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി നാട്ടരങ്ങ് എന്ന പേരിൽ സാംസ്കാരിക കേന്ദ്രങ്ങൾ നടപ്പിലാക്കാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. ആദ്യ ഘട്ടമായി തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരിയിൽ നിർമ്മാണം പൂർത്തിയായി ഉദ്ഘാടനം ചെയ്യുകയും ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂരിൽ നിർമ്മാണ പ്രവർത്തനം നടന്നു വരുകയും ചെയ്യുന്നു. |
| (ബി) | എങ്കിൽ ഇതിനകം എത്ര സാംസ്കാരിക സമുച്ചയങ്ങളും തിയേറ്റർ ശൃംഖലകളും സ്ഥാപിച്ചുവെന്ന് വ്യക്തമാക്കുമോ; | (ബി) | നവോത്ഥാന സാംസ്കാരിക നായകരുടെ നാമധേയത്തിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കുമെന്ന് 2016-2017 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപ്പിച്ചിരുന്നത് പ്രകാരം, പദ്ധതി നടപ്പിലാക്കി വരുന്നു. കിഫ്ബി ധനസഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. പ്രസ്തുത സാംസ്കാരിക സമുച്ചയങ്ങളുടെ നിർമ്മാണത്തിന് ഓരോ ജില്ലയിലും 50 കോടി രൂപ വീതം മൊത്തം 700 കോടി രൂപയിൽ നിജപ്പെടുത്തി ഭരണാനുമതി പുറപ്പെടുവിക്കുയുമുണ്ടായി. പ്രസ്തുത സാംസ്കാരിക സമുച്ചയ നിർമ്മാണത്തിനായി ഓരോ ജില്ലയിലും 3.5 മുതൽ 5 ഏക്കർ വരെ ഭൂമിയാണ് ആവശ്യമായിട്ടുള്ളത്. ഇവയുടെ നിർമ്മാണ പ്രവർത്തനങ്ങളും ഭൂമി ഏറ്റെടുക്കുന്ന നടപടികളും വിവിധ ജില്ലകളിൽ വിവിധ ഘട്ടങ്ങളിലാണ്. കൊല്ലം, കാസർഗോഡ്, പാലക്കാട് എന്നീ ജില്ലകളിൽ സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിൽ കൊല്ലം, കാസർഗോഡ് ജില്ലകളിൽ സമുച്ചയത്തിന്റെ ഒന്നാം ഘട്ടം നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നടത്തുകയും ചെയ്തിട്ടുണ്ട്. മലപ്പുറം ജില്ലയിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന |

| | | | |
|---|---|---|---|
| | | | സമുച്ചയത്തിന്റെ ഡി പി ആർ കിഫ്ബി അംഗീകരിച്ചിട്ടുണ്ട്. ടെണ്ടറിംഗ് നടപടികൾ പൂർത്തിയായി വരുന്നു. ആലപ്പുഴ, തൃശ്ശൂർ, കോട്ടയം, കണ്ണൂർ എന്നീ ജില്ലകളിൽ സമുച്ചയം നിർമ്മിക്കുന്നതിനുള്ള ഡി പി ആർ കിഫ്ബിയുടെ പരിഗണനയിലാണ്. ബാക്കി ജില്ലകളിൽ സമുച്ചയ നിർമ്മാണത്തിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. 2017-18 ബജറ്റ് പ്രസംഗത്തിൽ KIIFBയുടെ സാമ്പത്തിക സഹായത്തോടെ 100 കോടി രൂപ ചെലവിൽ കേരള സംസ്ഥാനമൊട്ടാകെ സിനിമാ തീയേറ്റർ സമുച്ചയങ്ങൾ നിർമ്മിക്കുന്ന പദ്ധതി നടപ്പിലാക്കുന്നതാണെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 100 കോടി രൂപയുടെ പദ്ധതിയ്ക്കുള്ള ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി കായംകുളം, അളഗപ്പനഗർ, പയ്യന്നൂർ എന്നിവിടങ്ങളിൽ തീയേറ്റർ നിർമ്മാണം പൂർത്തിയായി വരുന്നു. വൈക്കം, കാക്കനാട്, പായം, പേരാമ്പ്ര എന്നിവിടങ്ങളിലെ തീയേറ്റർ നിർമ്മാണത്തിനുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു. നെയ്യാറ്റിൻകരയിലെ തീയേറ്റർ നിർമ്മാണത്തിനായുള്ള ഡി പി ആർ കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഗ്രാമങ്ങളിലും ചെറു നഗരങ്ങളിലും കലാ സംസ്കാരിക പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി നാട്ടരങ്ങ് എന്ന പേരിൽ സാംസ്കാരിക കേന്ദ്രങ്ങൾ നടപ്പിലാക്കാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. ആദ്യ ഘട്ടമായി തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരിയിൽ നിർമ്മാണം പൂർത്തിയായി ഉദ്ഘാടനം ചെയ്യുകയും ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂരിൽ നിർമ്മാണ പ്രവർത്തനം നടന്നു വരുകയും ചെയ്യുന്നു. |
| (സി) | ഇതിനായി എത്ര തുക വീതമാണ് മുൻ സർക്കാർ വകയിരുത്തിയിരുന്നതെന്ന് അറിയിക്കുമോ? | (സി) | കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന സാംസ്കാരിക സമുച്ചയങ്ങളുടെ നിർമ്മാണത്തിന് 700 കോടി രൂപയും, തീയേറ്റർ നിർമ്മാണത്തിന് 100 കോടി രൂപയുമാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. നാട്ടരങ്ങ് പദ്ധതിയ്ക്ക് 2018-19 സാമ്പത്തിക വർഷം മുതൽ 2020-21 സാമ്പത്തിക വർഷം വരെ 115 ലക്ഷം രൂപ വകയിരുത്തിയിരുന്നു. |

സെക്ഷൻ ഓഫീസർ